## വനിതാ ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ
**(ഹാജർ: അനുപമ റ്റി വി ഐ.എ.എസ്)**

**ഉത്തരവ് നം WCD-E1/14010/2020** തിരുവനന്തപുരം, തീയതി : 01/02/2021

വിഷയം :- വനിതാ ശിശുവികസന വകുപ്പ് - ജീവനക്കാര്യം - ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- 1) സ.ഉ.(പി) നം. 23/2010/സാ.നീ.വ, തീയതി : 30/03/2010
2) വനിതാ ശിശുവികസന ഡയറക്ടറുടെ 03/11/2020 ലെ WCD-E8/1616/2020 നമ്പർ വിജ്ഞാപനം
3) വനിതാ ശിശുവികസന ഡയറക്ടറുടെ 24/11/2020 ലെ WCD-E1/14010/2020 നമ്പർ ഉത്തരവ്

ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിലേക്ക് 1:4 എന്ന അനുപാതത്തിൽ നേരിട്ടുള്ള നിയമനവും ഉദ്യോഗക്കയറ്റം മുഖേനയുള്ള നിയമനവുമാണ് പരാമർശം (1) പ്രകാരമുള്ള വിശേഷാൽ ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ളത്. വകുപ്പിലെ ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിൽ 9 ഒഴിവുകൾ നിലവിലുണ്ട്. പ്രസ്തുത ഒഴിവുകളിൽ 8 എണ്ണം കേരളാ പി.എസ്.സി. മുഖേന നേരിട്ടുള്ള നിയമനത്തിലൂടെയും 1 എണ്ണം ഉദ്യോഗക്കയറ്റം മുഖേനയും നികത്തേണ്ടതാണ്.

ഉദ്യോഗക്കയറ്റം മുഖേന ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിലേക്ക് നിയമനം നൽകുന്നതിന് പരാമർശം (2) പ്രകാരം തയ്യാറാക്കിയ സെലക്ട് ലിസ്റ്റിലെ ക്രമനമ്പർ 39 വരെയുള്ളവർക്ക് പരാമർശം (3) പ്രകാരം ഉദ്യോഗക്കയറ്റം നൽകിയിട്ടുണ്ട്. ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിൽ നിലവിലുള്ള ഒഴിവിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിന് പരാമർശം (2) പ്രകാരമുള്ള സെലക്ട് ലിസ്റ്റിലെ ചുവടെ പേര് ചേർക്കുന്ന ഐ.സി.ഡി.എസ്. സൂപ്പർവൈസർ അർഹയാണ്.

| ക്രമ നമ്പർ | ജീവനക്കാരിയുടെ പേര് | 2020 ലെ സെലക്ട് ലിസ്റ്റിലെ ക്രമ നമ്പർ |
|---|---|---|
| 1. | ശ്രീമതി സുജാദേവി എസ് | 40 |

ഈ സാഹചര്യത്തിൽ, മേൽ വിവരിച്ച ഐ.സി.ഡി.എസ്. സൂപ്പർവൈസർക്ക് KS & SSR Rule 28(A)(1) പ്രകാരം 35700 – 75600 രൂപ ശമ്പള സ്കെയിലിൽ ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി ചുവടെ പറയുന്ന പ്രകാരം പേരിന് നേരെ ചേർത്തിട്ടുള്ള കാര്യാലയത്തിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | പേര്, തസ്തിക, നിലവിലെ കാര്യാലയം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന തസ്തികയും കാര്യാലയവും | അഭിപ്രായം |
|---|---|---|---|
| 1. | ശ്രീമതി സുജാദേവി എസ് (PEN 212404)<br>ICDS സൂപ്പർവൈസർ<br>ICDS പ്രോജക്ട് ഓഫീസ് അലപ്പുഴ അർബൻ | ശിശുവികസന പദ്ധതി ഓഫീസർ<br>ICDS പ്രോജക്ട് ഓഫീസ് പെരുമ്പടപ്പ് | ഉദ്യോഗക്കയറ്റം |

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരിയെ ബന്ധപ്പെട്ട കാര്യാലയ മേധാവി ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതാണ്. ജീവനക്കാരിയുടെ വിടുതൽ/ പ്രവേശനം സംബന്ധിച്ച റിപ്പോർട്ട് യഥാസമയം ഈ കാര്യാലയത്തിൽ തപാൽ മുഖേന ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)
വനിതാ ശിശുവികസന ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാരിക്ക്
ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർക്ക്

<u>പകർപ്പ്</u>

1. അക്കൗണ്ടന്റ് ജനറൽ (കേരള), തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)
2. എല്ലാ ജില്ലാ വനിതാ ശിശുവികസന ഓഫീസർക്കും
3. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
4. സൂപ്രണ്ട്, ഐ.റ്റി സെൽ (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. സ്റ്റോക്ക് ഫയൽ/ സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്